# 24. ചതുരംഗം

തമിഴ്നാട്, നാഗാലൻഡ്, മിസോറം എന്നീ സംസ്ഥാനങ്ങളിലെ നിയമസഭകളിലേക്കു തെരഞ്ഞെടുപ്പു നടക്കുന്നതിന് ഒരു ദിവസം മുമ്പാണ് ഇതെഴുതുന്നത്. ഈ തെരഞ്ഞെടുപ്പിന്റെ ഫലം ഇന്ത്യൻരാഷ്ട്രീയത്തിൽ ദൂരവ്യാപകങ്ങളായ ഫലങ്ങൾ ഉളവാക്കാതിരിക്കുകയില്ല.

ഈ ഫലങ്ങൾ ഏതു വിധത്തിലുള്ളവയായാലും, ഇനിയങ്ങോട്ട് ഇന്ത്യയിലെ രാഷ്ട്രീയപ്പാർട്ടികളുടെ മുഴുവൻ ശ്രദ്ധയും പാർലമെൻറിലേക്കു നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പിലായിരിക്കും. സാധാരണഗതിയിൽ പാർലമെൻററി തെരഞ്ഞെടുപ്പ് 1990 ആദ്യത്തിൽ നടക്കേണ്ടതാണ്; ആഭ്യന്തരസമ്മർദങ്ങളുടെ ഫലമായി 1989–ൽത്തന്നെ അതു നടന്നുകൂടായ്കയില്ല.

നാട്ടിൽ കള്ളപ്പണം പെരുകുന്നതോതിന്, ഓരോ തെരഞ്ഞെടുപ്പിലും മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഓരോ സീററിലും നാല്പതു്–അമ്പതു സ്ഥാനാർത്ഥികളും അവരുടെ മുഴുവൻ പേരു് അച്ചടിക്കാനായി ഏതാനും മീററർ നീളത്തിലുള്ള ബാലററുപേപ്പറും സാധാരണമായിത്തീർന്നാൽ അതിൽ അത്ഭുതപ്പെടാനില്ല. സ്ഥാനാർത്ഥികളുടെ എണ്ണം കൂടുന്നതനുസരിച്ച്, വളരെ ചുരുങ്ങിയ ശതമാനം വോട്ടു നേടിയവർ തെരഞ്ഞെടുക്കപ്പെടാനുള്ള സാദ്ധ്യതയും അധികമാവുന്നു. വ്യക്തികളായ സ്ഥാനാർത്ഥികളിലധികംപേരും മതം, ജാതി, ഭാഷ, പ്രദേശം, നിക്ഷിപ്തതാല്പര്യം എന്നിവയുടെ പേരിൽ വോട്ടു ചോദിക്കുന്നവരായിരിക്കും. രാഷ്ട്രത്തിനു മുഴുവൻ ബാധകമായ എന്തെങ്കിലും നയമോ തത്ത്വസംഹിതയോ ഇവർക്കു് ഉണ്ടാവാൻ പ്രയാസമാണ്. തെരഞ്ഞെടുപ്പിലൂടെ നേടുന്ന അധികാരം സ്വാർത്ഥലാഭത്തിന് ഉപയോഗപ്പെടുത്തുക എന്നതിൽ കവിഞ്ഞ ഉദ്ദേശ്യമൊന്നും ഇവർക്കുണ്ടാവുകയുമില്ല.

രാഷ്ട്രത്തിന്റെ ആഭ്യന്തരഭരണം, വിദേശബന്ധങ്ങൾ എന്നിവ സംബന്ധിച്ച വ്യക്തവും യുക്തിസംഗതവുമായ നയപരിപാടികൾ ആവിഷ്ക്കരിക്കുകയും ഈ നയപരിപാടികളെക്കുറിച്ചു ജനങ്ങൾക്കിടയിൽ നിരന്തരമായി പ്രചാരണം നടത്തുകയും അവയുടെ പേരിൽ വോട്ടു ചോദിക്കുകയും അധികാരം കൈവന്നാൽ അതു് ഈ നയപരിപാടികൾ നടപ്പിൽ വരുത്തുന്നതിനായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതിനുവേണ്ടിയാണ് രാഷ്ട്രീയപാർട്ടികൾ നിലവിൽവന്നിട്ടുള്ളത്. സുപരീക്ഷിതങ്ങളായ നയപരിപാടികളും കെട്ടുറപ്പാർന്ന സംഘടനയുമുള്ള രണ്ടോ മൂന്നോ രാഷ്ട്രീയപാർട്ടികൾ മേധാവിത്വം പുലർത്തുന്ന സമൂഹങ്ങളിൽ മാത്രമേ, നാം ഇന്നു് അംഗീകരിച്ച രീതിയിലുള്ള ജനാധിപത്യത്തിനു ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയൂ.

ഇന്ത്യയിൽ രാഷ്ട്രീയപ്പാർട്ടികൾക്കു ക്ഷാമമില്ല. എങ്കിലും രാജ്യവ്യാപകമായ ഒരു തെരഞ്ഞെടുപ്പിൽ ഒററയ്ക്കുനിന്നു മത്സരിക്കുവാൻ വേണ്ട വിഭവശേഷിയും സംഘടനയും ഇപ്പോൾ ഇന്ദിരാകോൺഗ്രസ്സിനു മാത്രമേയുള്ളൂ. അതിനാൽ കോൺഗ്രസ് ഒഴികെയുള്ള പാർട്ടികൾ കൂട്ടുമുന്നണികൾ രൂപവത്കരിച്ചു തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതാണ് നാം കണ്ടുവരുന്നതു്. കോൺഗ്രസ്തന്നെയും പല സംസ്ഥാനങ്ങളിലും കൂട്ടുമുന്നണികൾ രൂപവത്കരിക്കുന്നുണ്ട്. ഇനി വരുന്ന പാർലമെൻററി തെരഞ്ഞെടുപ്പിലും കോൺഗ്രസ് പ്രാദേശികാടിസ്ഥാനത്തിൽ കൂട്ടുമുന്നണി ഉണ്ടാക്കിയേക്കാം. എന്നാലും, ആ മുന്നണിയിൽ കോൺഗ്രസ്സിനുതന്നെയായിരിക്കും മേൽക്കൈയ്. അതിനാൽ അത്തരം മുന്നണിയെ കോൺഗ്രസ് പാർട്ടിയായിത്തന്നെ കണക്കാക്കിയാൽ മതി. പാർലമെൻറിലെ ഏറെക്കുറെ എല്ലാ സ്ഥാനങ്ങളിലേക്കും സ്ഥാനാർത്ഥികളെ നിർത്തി കോൺഗ്രസ് (അല്ലെങ്കിൽ കോൺഗ്രസ് മുന്നണി) മത്സരിക്കാതിരിക്കുകയില്ല.

സംഘടനാപരമായി അത്യന്തം ദുർബലമാണ് കോൺഗ്രസ് പാർട്ടി. കൂറുമാററനിരോധനനിയമം നിലവിലുള്ളതുകൊണ്ടുമാത്രമാണ് ആ പാർട്ടി കൂടെക്കൂടെ പൊട്ടിച്ചിതറിപ്പോകാത്തതു്. പാർട്ടിയിൽനിന്നു വിട്ടാൽ, നിയമസഭാംഗങ്ങൾക്ക സ്ഥാനം നഷ്ടപ്പെട്ടുപോവും. അതിനാൽ അവർ ശക്തിയായ അഭിപ്രായഭേദം ഉള്ളപ്പോഴും ഔപചാരികമായി പാർട്ടിയിലെ അംഗത്വം നിലനിർത്തുന്നു. ബീഹാർനിയമസഭയിലെ കോൺഗ്രസ് പാർട്ടിയിൽ 190 അംഗങ്ങളുണ്ട്. ഇവരിൽ 144 അംഗങ്ങളും അവിടത്തെ മുഖ്യമന്ത്രിക്ക് എതിരാണെന്നു കാണുന്നു. മുഖ്യമന്ത്രിയും സ്പീക്കറും ഗവർണറും തമ്മിലുള്ള മത്സരമാണ് ഏറെക്കാലമായി ബീഹാറിൽനിന്നു പുറത്തുവരുന്ന മുഖ്യവാർത്ത. അടുത്ത നിയമസഭാസമ്മേളനം ബഹിഷ്കരിക്കാൻ ബീഹാറിലെ മുഖ്യമന്ത്രിക്കെതിരായ നിയമസഭാംഗങ്ങൾ തീരുമാനിച്ചിരിക്കുകയാണത്രെ. ഇതൊക്കെയായിട്ടും ബീഹാറിൽ കോൺഗ്രസ് പാർട്ടി നിലനില്ക്കുന്നതു് കൂറുമാററനിരോധനിയമം ബലത്തിലുണ്ടെന്ന കാരണത്താൽ മാത്രമാണ്. മററു സംസ്ഥാനങ്ങളിലും സ്ഥിതി ഏറെക്കുറെ ഇതുതന്നെ. സംഘടനയിൽ അംഗങ്ങളെ ചേർക്കാനോ സംഘടനയുടെ തെരഞ്ഞെടുപ്പുകൾ നടത്താനോ വളരെ വർഷങ്ങളായി കോൺഗ്രസ്സിനു സാധിച്ചിട്ടില്ല; അടുത്തൊന്നും സാധിക്കുമെന്നും തോന്നുന്നില്ല. നോമിനേററു ചെയ്യപ്പെട്ട അഡ്ഹോക് (താൽക്കാലിക) കമ്മിററികളുടെ ഒരു ശൃംഖലമാത്രമാണ് ഇന്നത്തെ കോൺഗ്രസ് പാർട്ടി.

ഇങ്ങനെയൊക്കെയാണെങ്കിലും അടുത്ത പാർലമെൻററി തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന പ്രധാനപ്പെട്ട പാർട്ടി രാജീവ്ഗാന്ധിയുടെ നേതൃത്വത്തിലുള്ള ഇന്ദിരാകോൺഗ്രസ്തന്നെയായിരിക്കും.

'രാഷ്ട്രീയമോർച്ച' എന്ന പേരിൽ അറിയപ്പെടുന്ന മുന്നണിയായിരിക്കും അടുത്ത പാർലമെൻററി തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പാർട്ടിയുടെ ഏററവും വലിയ എതിരാളി. വി. പി. സിംഹ് നേതാവായുള്ള 'ജനതാദൾ' പാർട്ടിയാണ് ഈ മുന്നണിയിലെ പ്രധാനഘടകം. വി. പി. സിംഹിൻെറ 'ജനമോർച്ച' എന്ന പാർട്ടിയുടെ ഒരു വിഭാഗവും ജനതാപാർട്ടിയുടെ ഒരു വിഭാഗവും ലോക്ദൾപാർട്ടിയുടെ ഒരു വിഭാഗവും ചേർന്നു രൂപവത്കരിച്ച പാർട്ടിയാണ് ജനതാദൾ. ജനതാദളിനു പുറമേ, തമിഴ്നാട്ടിലെ ഡി. എം. കെ., ആന്ധ്രപ്രദേശിലെ തെലുങ്കുദേശം, പഞ്ചാബിലെ അകാലിപാർട്ടി, അസമിലെ അസംഗണപരിഷത്ത് എന്നീ പ്രാദേശികപാർട്ടികൾകൂടി 'രാഷ്ട്രീയമോർച്ച'യിലെ ഘടകങ്ങളാണ്. 'രാഷ്ട്രീയമോർച്ച'യുടെ ഇപ്പോഴത്തെ പ്രസിഡണ്ട് എൻ. ടി. രാമറാവുവാകുന്നു. ആ സ്ഥാനം വി. പി. സിംഹിനു നൽകപ്പെട്ടുകൂടായ്കയില്ല. രാജീവ്ഗാന്ധിയെ അധികാരഭ്രഷ്ടനാക്കുന്നതിനുവേണ്ടി തങ്ങളോടു സഹകരിക്കാൻ ഒരുക്കമുള്ള ഏതു കക്ഷികളോടും വ്യക്തികളോടും കൂട്ടുചേരാൻ 'രാഷ്ട്രീയമോർച്ച' തയ്യാറായേക്കും.

കെട്ടുറപ്പുള്ള ഒരു പാർട്ടിയല്ല ജനതാദൾ. അതിൻെറ ഒരു ഘടകമായി 'ജനമോർച്ച'യിൽ വി. പി. സിംഹും ഏതാനും സുഹൃത്തുക്കളുമാണുണ്ടായിരുന്നതു്. ഇവരിൽ ചിലർ ഇനിയും ജനതാദളിൽ ചേർന്നിട്ടില്ല. ജനതാപാർട്ടിയിലെ ഹെഗ്ഡേ വിഭാഗം ജനതാദളിൽ ലയിച്ചെങ്കിലും ഇന്ദുഭായി പട്ടേൽ, സരോജിനി മഹിഷി, സുബ്രഹ്മണ്യസ്വാമി, ദേവഗൗഡ മുതലായ പല നേതാക്കളും അവരുടെ അനുയായികളും ലയനത്തിനെതിരാണ്. വളരെ വർഷം ജനതാപാർട്ടിയുടെ ചെയർമാൻ ആയിരുന്ന ചന്ദ്രശേഖർ ഇപ്പോൾ കാണപ്പെടുന്നതു് രണ്ടു തോണികളിൽ കാൽവെച്ച മട്ടിലാണ്. ലോക്ദളിലെ ദേവിലാൽ, അജിത്സിംഗ് എന്നിവർ നേതൃത്വം നൽകുന്ന വിഭാഗം ജനതാദളിൽ ലയിച്ചിട്ടുണ്ട്. 'പെരുമ്പാമ്പ്' എന്ന അർത്ഥമുള്ള 'അജഗർ' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ വിഭാഗം ഹിന്ദിഭാഷാപ്രദേശത്തിലെ അഹീർ, ജാട്, ഗുജർ എന്നീ ജാതിക്കാരെയാണു മുഖ്യമായും പ്രതിനിധാനംചെയ്തിരുന്നതു്. ജാതിവാദമല്ലാതെ എന്തെങ്കിലും രാഷ്ട്രീയതത്ത്വസംഹിത ലോക്ദളിനു് ഒരിക്കലും ഉണ്ടായിരു

ന്നില്ല. ബഹുഗുണയുടെയും മററും നേതൃത്വത്തിൽ ലോക്ദളിലെ ഒരു വിഭാഗം ജനതാദളിൽ ലയിക്കുന്നതിനു് എതിരുമാണു്. നേതൃത്വമോഹികളുടെ ഒരു കൂട്ടുകെട്ടു് എന്നതിൽനിന്നു വ്യത്യസ്തമായി, ഒരു രാഷ്ട്രീയ പാർട്ടി എന്ന നില ഇനിയും ജനതാദളിനു കൈവന്നിട്ടില്ല.

ജനതാദളിനോടൊപ്പം 'രാഷ്ട്രീയമോർച്ച'യിൽ ഘടകങ്ങളായ പ്രാദേശിക പാർട്ടികൾക്കു് അഖിലേന്ത്യാ വ്യാപകമായ ഒരു കാഴ്ചപ്പാടോ എന്തെങ്കിലും രാഷ്ട്രീയതത്ത്വസംഹിതയോ ഉള്ളതായി തോന്നുന്നില്ല. നിരന്തരമായ പിളർപ്പിന്റെ ചരിത്രമാണു് അവയുടേതു്. ഇവയിൽ പ്രമുഖമായ തെലുഗുദേശം പാർട്ടി 1984—ൽ നിലവിൽ വന്നു. തെലുങ്കരുടെ അഭിമാനപ്രശ്നത്തിന്റെ പേരിൽ എൻ. ടി രാമറാവു രൂപവല്ക്കരിച്ച ഈ പാർട്ടി സിനിമാനടനെന്ന നിലയിൽ അദ്ദേഹം നേടിയ ജനപ്രീതിയുടെയും മുഖ്യമന്ത്രി എന്ന നിലയിൽ അദ്ദേഹത്തിനു വാരിക്കൂട്ടാൻ കഴിയുന്ന രാഷ്ട്രീയാനുകൂല്യങ്ങളുടെയും ബലത്തിലാണു് നിലനിന്നു വരുന്നതു്. ഇ. വി. രാമസ്വാമിനായ്ക്കരുടെ ദ്രാവിഡകഴകം പിളർന്നുണ്ടായ അണ്ണാദുരൈയുടെ ദ്രാവിഡമുന്നേററകഴകത്തിന്റെ രണ്ടു പിളർപ്പുകളിലൊന്നായ കരുണാനിധിയുടെ ഡി. എം. കെ. ആണു് രാഷ്ട്രീയമോർച്ചയുടെ മറെറാരു മുഖ്യ ഘടകം. തമിഴ്നാടു് സംസ്ഥാനത്തിന്റെ ഭരണം നിർവഹിച്ചുകൊണ്ടിരിക്കെ ഡി. എം. കെ. അഴിമതിക്കു് കുപ്രസിദ്ധി ആർജിച്ചിട്ടുണ്ടു്. ഇക്കഴിഞ്ഞ അരനൂററാണ്ടിനകത്തു് നാലുതോളം പിളർപ്പുകൾ ഉണ്ടായിട്ടുള്ള അകാലിദളിനാണെങ്കിൽ ഉഗ്രവാദികളുടെയും ഗവർണർഭരണത്തിന്റെയും മദ്ധ്യത്തിൽ പഞ്ചാബിൽത്തന്നെ പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നു. രാഷ്ട്രീയ മോർച്ചയിൽ സ്വാഭാവികമായും ചേരേണ്ട കാശ്മീർ നാഷണൽ കോൺഫറൻസ് ഇപ്പോൾ ഇന്ദിരാകോൺഗ്രസ്സുമായി സംഖ്യത്തിലാണു്. രാഷ്ട്രീയമോർച്ചയിൽ ഒരു ഘടകമായ അസമിലെ അസം ഗണ പരിഷത്തിന്റെ പ്രതിച്ഛായയും അവർ സംസ്ഥാനഭരണം ഏറെറടുത്തശേഷം ഗണ്യമായി മങ്ങിയിട്ടുണ്ടു്. അധികാരം എന്ന സിമൻറാണു് ആ പാർട്ടിയെ ഇപ്പോൾ ഒരു പിളർപ്പിൽനിന്നു രക്ഷിക്കുന്നതു്. പൊതുതിരഞ്ഞെടുപ്പു് അടുക്കുമ്പോൾ ഇത്തരം വേറെയും ചില പ്രാദേശിക പാർട്ടികൾ 'രാഷ്ട്രീയമോർച്ച'യിലേക്കു് ആകർഷിക്കപ്പെടാൻ സാദ്ധ്യതയുണ്ടു്.

മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടി, ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി, ആർ. എസ്. പി., ഫോർവേർഡ് ബ്ലോക്ക് എന്നീ 'ഇടതുപക്ഷ'പ്പാർട്ടികളും ബഹുഗുണയുടെ നേതൃത്വത്തിലുള്ള ലോക്ദൾ വിഭാഗവും രാമധന്റെ നേതൃത്വത്തിലുള്ള ജനമോർച്ചയും സംഘടനാകോൺഗ്രസ്സും ചേർന്നു് ഒരു ഇടതുപക്ഷ—ജനാധിപത്യ മുന്നണി അടുത്ത കാലത്തു് രൂപവത്കരിച്ചിട്ടുണ്ടു് (ഈ മുന്നണിയിലെ മൂന്നു പാർട്ടികൾ ഇപ്പോൾ രാഷ്ട്രീയമോർച്ചയിലെ ഘടകങ്ങളുമാണു്). സാമ്രാജ്യത്വവിരുദ്ധമായ വിദേശനയം, തൊഴിലാളി—കർഷകവർഗ താല്പര്യങ്ങൾ, ജാതി—മത—സംഘടനകളോടുള്ള എതിർപ്പു് എന്നീ ആശയങ്ങൾ പ്രചരിപ്പിക്കുകയാണു് ഈ മുന്നണിയുടെ ലക്ഷ്യമെന്നു പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടു്. രാഷ്ട്രീയ മോർച്ചയുടെ നയപരിപാടികൾക്കു് പൂർണത വരുത്തുകയാണു് തങ്ങളുടെ മുന്നണി ചെയ്യുന്നതു് എന്നു പറയുന്നുണ്ടെങ്കിലും വരുന്ന തിരഞ്ഞെടുപ്പിൽ ഈ മുന്നണി സ്വന്തം സ്ഥാനാർത്ഥികളെ നിർത്തി മത്സരിച്ചുകൂടായ്കയില്ല. ബി. ജെ പി., മുസ്ലിംലീഗ് എന്നീ മതാധിഷ്ഠിത രാഷ്ട്രീയ സംഘടനകളുമായി രാഷ്ട്രീയ മോർച്ച കൂട്ടുചേരുന്നതിനു് ഈ മുന്നണി എതിരാണു്. എങ്കിലും, ഈ സംഘടനകളുമായി ബന്ധപ്പെട്ട തമിഴ്നാട്ടിലെ ഡി. എം. കെ., ഹരിയാനയിലെ ലോക്ദൾ എന്നിവരുമായി ഈ മുന്നണിയിലെ പ്രമുഖ ഘടകങ്ങളായ മാർക്സിസ്റ്റ് പാർട്ടിയും കമ്യൂണിസ്റ്റ് പാർട്ടിയും സഹകരിക്കുന്നുണ്ടു്. പൊതുതിരഞ്ഞെടുപ്പിൽ ഈ ഇടതുപക്ഷ—ജനാധിപത്യ മുന്നണി 'രാഷ്ട്രീയ മോർച്ച'യുമായി ഒത്തുതീർപ്പുകൾ ഉണ്ടാക്കിക്കൂടായ്കയില്ല. ഒത്തുതീർപ്പുണ്ടാക്കുമ്പോൾ കൂടുതൽ

ആനുകൂല്യങ്ങൾക്കായി വില പേശാനാണ് ഇടതുപക്ഷ പാർട്ടികൾ ഇപ്പോൾ ഒരു മുന്നണി രൂപവത്കരിച്ചിട്ടുള്ളത് എന്നു കരുതുന്നവരും കുറവല്ല.

സ്വന്തമായി ഒരു തത്ത്വശാസ്ത്രവും ദൃഢമായ സംഘടനയും ഹിന്ദി സംസാരിക്കുന്ന പ്രദേശങ്ങളിൽ ജനകീയ–അടിസ്ഥാനവുമുള്ള ഒരു രാഷ്ട്രീയ പാർട്ടിയാണ് ഭാരതീയ ജനതാപാർട്ടി (ബി. ജെ. പി). മതാധിഷ്ഠിതമെന്നു മുദ്രകുത്തി മാർക്സിസ്റ്റ് പാർട്ടിയും കമ്യൂണിസ്റ്റ് പാർട്ടിയും ബി. ജെ. പി.യെ അകററി നിർത്തുന്നു. എന്നാൽ, രാജീവ്ഗാന്ധിയെ കടിയൊഴിപ്പിക്കുന്നതിനുവേണ്ടി ബി. ജെ. പി.യുമായി ഒത്തുതീർപ്പുണ്ടാക്കാമെന്ന നിലപാടാണ് 'രാഷ്ട്രീയ മോർച്ച'യുടെ നേതാക്കൾക്ക് ഇപ്പോൾ ഉള്ളത്. ഒരു കൈകൊണ്ട് ബി. ജെ. പി. യെയും മറുകൈകൊണ്ട് ഇടതു ജനാധിപത്യ മുന്നണിയെയും ആശ്ലേഷിച്ച് തിരഞ്ഞെടുപ്പുരംഗത്ത് നിലകൊള്ളാനാണ് 'രാഷ്ട്രീയമോർച്ച'യിലെ നേതാക്കളുടെ ആഗ്രഹം. അവസാനഘട്ടത്തിൽ ഇടതു–ജനാധിപത്യ മുന്നണി നേതാക്കൾ ഇതിനു വഴങ്ങുമോ എന്നതു് കണ്ടറിയേണ്ട കാര്യമാണ്. ഏററവും വലിയ തിന്മ രാജീവ് ഭരണമാണെന്നു കരുതുന്നപക്ഷം അവർ,ഒരു വശത്ത് ബി.ജെ പി.യുമായി ബന്ധപ്പെട്ട 'രാഷ്ട്രീയ മോർച്ച'യുടെ മറുവശത്ത് സ്ഥാനം പിടിച്ചേക്കും. മറിച്ച്, ഏററവും വലിയ തിന്മ സാമുദായികവാദമാണെന്ന ദൃഢവിശ്വാസം അവർക്കുണ്ടെങ്കിൽ അവർ രാഷ്ട്രീയമോർച്ചയിൽനിന്നു വേറിട്ടുനിന്ന് തിരഞ്ഞെടുപ്പിൽ മത്സരിക്കുകയും അങ്ങനെ ത്രികോണമത്സരങ്ങളിലൂടെ രാജീവ്ഗാന്ധിയുടെ വിജയസാദ്ധ്യത വർദ്ധിപ്പിക്കുകയുംചെയ്യേക്കും.

കോൺഗ്രസ്, രാഷ്ട്രീയമോർച്ച, ഇടതു–ജനാധിപത്യമുന്നണി, ബി. ജെ. പി. എന്നീ നാലു ഗ്രൂപ്പുകളാവും അടുത്ത പൊതു തിരഞ്ഞെടുപ്പിൽ പ്രധാനമായും മത്സരിക്കുക. ഈ പാർട്ടികൾ നിറുത്തുന്ന സ്ഥാനാർത്ഥികളോടൊപ്പം അനേകം പ്രാദേശികപാർട്ടികളുടെ സ്ഥാനാർത്ഥികളും വ്യക്തികളും മത്സരരംഗത്തുണ്ടാവും. രാഷ്ട്രത്തിന്റെ സുസ്ഥിതിക്ക് എതിരെ വെല്ലുവിളികൾ ഉയർത്തുന്ന തൊഴിലില്ലായ്മ, ജനപ്പെരുപ്പം, പരിസരമലിനീകരണം, പ്രകൃതിവിധ്വംസനം, പട്ടിണി, ദാരിദ്ര്യം, പണപ്പെരുപ്പം, മയക്കുമരുന്നുകൾ, കള്ളമദ്യവ്യാപാരം, കള്ളക്കടത്ത്, രോഗങ്ങൾ, നിരക്ഷരത, വലിയ ജനവിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ, മോശമായ അയൽപക്കബന്ധങ്ങൾ, വർദ്ധിച്ചുവരുന്ന പട്ടാളച്ചെലവ് മുതലായ യഥാർത്ഥ പ്രശ്നങ്ങളെപ്പററി ജനങ്ങളെ ഉദ്ബുദ്ധരാക്കാനും ഈ പ്രശ്നങ്ങൾക്കു പരിഹാരം കാണാനുതകുന്ന യാഥാർത്ഥ്യാധിഷ്ഠിതവും സമയബന്ധിതവുമായ ഒരു ഭരണപരിപാടി മുന്നോട്ടു വെക്കാനും ഈ സ്ഥാനാർത്ഥികളിൽ അധികംപേർക്കും സ്വാഭാവികമായി താല്പര്യം കണ്ടേക്കുകയില്ല. ജാതി–മത–ഭാഷാ–പ്രാദേശിക–മാത്സര്യങ്ങൾ കത്തിപ്പൊക്കി, ജനങ്ങളുടെ വികാരങ്ങളെ കത്തിയാളിച്ച് എങ്ങനെയെങ്കിലും കുറെ വോട്ടുകൾ നേടി അധികാരത്തിൽ പങ്കാളികളാവുക എന്നതു മാത്രമായിരിക്കും അവരുടെ ലക്ഷ്യം. കള്ളപ്പണത്തിന്റെയും ഗുണ്ടകളുടെയും ശക്തി ഉപയോഗിച്ച് എതിരാളികളെ അമർച്ചചെയ്യാനും വോട്ടർമാരെ ഭീഷണിപ്പെടുത്താനും ബൂത്തുകൾ കൈയേറാനും ബാലട്ട്പേപ്പർ തട്ടിയെടുക്കാനും ഒക്കെ വ്യാപകമായ പരിശ്രമം നടന്നേക്കും.

ദരിദ്രരാജ്യങ്ങളിൽ ജനാധിപത്യസംവിധാനം ഒരു പ്രഹസനമോ ശോകാന്ത നാടകമോ ആക്കി മാററപ്പെടുന്നത് ഇങ്ങനെയൊക്കെയാണ്.

20 ജനുവരി, 1989